ഹയർസെക്കന്ററി വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിം
ഗ്, ശാന്തി നഗർ,
തിരുവനന്തപുരം.

**EX.IX-1/002305/HSE/2016**

തീയതി : 05/11/2018

# സർക്കുലർ

വിഷയം:- ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പ് - തുല്യതാപരീക്ഷ- 2018 നവംബറിലെ ഗാന്ധിയൻ സ്റ്റഡീസ് പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നത് - സംബന്ധിച്ച്

സൂചന :- വിജ്ഞാപനം നമ്പർ EX –IX/ 018770/HSE/2017 തീയതി 20/08/2018

2018 നവംബർ 7 ന് നടത്തുന്ന രണ്ടാം വർഷ തുല്യതാപഠിതാക്കളുടെ ഗാന്ധിയൻ സ്റ്റഡീസിന്റെ പ്രാക്ടിക്കൽ പരീക്ഷയ്ക്ക് താഴെ പറയുന്ന സ്കൂളുകൾ പരീക്ഷാകേന്ദ്രങ്ങളായി അനുവദിച്ച് ഉത്തരവാകുന്നു. ഹയർ സെക്കന്ററി തുല്യതാപരീക്ഷയ്ക്ക് ഗാന്ധിയൻ സ്റ്റഡീസിന് മാത്രമാണ് പ്രാക്ടിക്കൽ പരീക്ഷയുള്ളത്. സൂചനപ്രകാരമുള്ള പരീക്ഷാ വിജ്ഞാപനത്തിൽ പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിരുന്നു. രജിസ്ട്രേഷൻ രേഖകൾ പ്രകാരം 8 ജില്ലകളിൽ മാത്രമേ ഗാന്ധിയൻ സ്റ്റഡീസ് പരീക്ഷാർത്ഥികൾ നിലവിലുള്ളു. പരീക്ഷാർത്ഥികളുടെ എണ്ണം അനുസരിച്ച് താഴെ പറയും പ്രകാരം പരീക്ഷാകേന്ദ്രങ്ങൾ പുതുക്കി ഉത്തരവാകുന്നു.

| Sl.No | School code | Name of Practical Examination Centres |
|---|---|---|
| 1 | 3022 | ST. THOMAS, HSS, KOZHENCHERY, PATHANAMTHITTA - 689 641 |
| 2 | 4022 | GOVT GIRLS HSS, CHERTHALA, 4022<br>ALAPPUZHA - 688 524 |
| 3 | 5075 | ST AUGUSTINES HSS,RAMAPURAM,KOTTAYAM - 686 576 |
| 4 | 6010 | GOVT HSS, THODUPUZHA, IDUKKI - 685 584 |
| 5 | 7089 | ST PETER S HSS,KOLENCHERY,<br>ERNAKULAM |
| 6 | 8012 | GOVT MODEL HSS FOR BOYS, THRISSUR, THRISSUR - 680020 |
| 7 | 11010 | GOVT BOYS HSS,MANJERY,MALAPPURAM - 676 121 |
| 8 | 14011 | GOVT HSS,KUTTAMATH,,KASARGODE - 671 313 |

അതാത് ജില്ലകളിൽ രജിസ്റ്റർ ചെയ്ത പരീക്ഷാർത്ഥികൾ ജില്ലയിൽ മേൽ സൂചിപ്പിച്ച പരീക്ഷാകേന്ദ്രത്തിൽ 07/11/2018 ന് രാവിലെ പത്ത് മണിക്ക് എത്തിച്ചേരേണ്ടതാണ്. എന്തെങ്കിലും സാങ്കേതിക കാരണങ്ങളാൽ ഹാൾടിക്കറ്റ് ലഭിച്ചിട്ടില്ലായെങ്കിൽ ഒന്നാം വർഷ തുല്യതാ പരീക്ഷ എഴുതിയ ഹാൾ ടിക്കറ്റും സാക്ഷരതാമിഷൻ നൽകുന്ന ഐഡികാർഡും ഹാജരാക്കി പരീക്ഷാഹാളിൽ പ്രവേശിക്കാവുന്നതാണ്. ഒന്നാം വർഷ പരീക്ഷയുടെ ഹാൾടിക്കറ്റ് കൈവശം ഇല്ലാത്ത പരീക്ഷാർത്ഥികൾ സാക്ഷരതാമിഷൻ നൽകുന്ന ഐഡി കാർഡ് അതോടൊപ്പം ആധാർ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/ വോട്ടേഴ്സ് ഐഡി ഇവയിലേതെങ്കിലും ഒന്ന് കൈവശം കരുതേണ്ടതാണ്. പരീക്ഷാർത്ഥികൾ സർട്ടിഫൈഡ് റെക്കോർഡ് ബുക്കും പ്രായോഗിക പരീക്ഷയ്ക്കാവശ്യമായ എല്ലാവിധ സാമഗ്രികളും കൈയ്യിൽ കരുതേണ്ടതാണ്.

ഒപ്പ്/-
ജോയിന്റ് ഡയറക്ടർ
(പരീക്ഷാ വിഭാഗം)

പകർപ്പ്:-

രണ്ടാം വർഷ തുല്യതാ പ്രാക്ടിക്കൽ പരീക്ഷാർത്ഥികൾക്കും പ്രാക്ടിക്കൽ പരീക്ഷാകേന്ദ്രങ്ങളിലെ പ്രിൻസിപ്പാൾമാർക്കും ഹയർസെക്കന്ററി പോർട്ടൽ മുഖാന്തിരം.